# കാലിക്കറ്റ് സർവകലാശാല

### പ്രൈവറ്റ് രജിസ്ട്രേഷൻ

83843/CDOE-C-ASST-3/2023/Admn

04.12.2024

## <u>വിജ്ഞാപനം</u>

**കാലിക്കറ്റ് സർവകലാശാല CBCSS- 2020 അഡ്മിഷൻ (പ്രൈവറ്റ് രജിസ്ട്രേഷൻ) ബിഎ/ബി. എസ് സി/ബികോം/ബിബിഎ വിദ്യാർത്ഥികളുടെ ഒന്ന് മുതൽ നാലു വരെയുള്ള ഓഡിറ്റ് കോഴ്സ് സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിയ്ക്കുന്നു. ഓഡിറ്റ് കോഴ്സ് പരീക്ഷ ഇതുവരെ പാസ്സാവാത്തതോ എഴുതാത്തതൊ ആയ വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയ്യതി *17.12.2024***

**കാലിക്കറ്റ് സർവകലാശാല ഔദ്യോഗിക വെബ്സൈറ്റ് (*www..uoc.ac.in > Pareekshabhavan > Online Registration > Private Registration*) ൽ നൽകിയിട്ടുള്ള ലിങ്ക് ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കുക.**

| | |
|---|---|
| **ഓഡിറ്റ് കോഴ്സ് സപ്ലിമെന്ററി പരീക്ഷ അപേക്ഷ ഫീ** | **Rs. 50/ പേപ്പർ** |

കാലിക്കറ്റ് സർവകലാശാല വിദൂര - ഓൺലൈൻ വിദ്യാഭ്യാസ കേന്ദ്രം ഔദ്യോഗിക വെബ്സൈറ്റിൽ, ബോർഡ് ഓഫ് സ്റ്റഡീസ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കുന്ന MCQs അടിസ്ഥാനമാക്കിയാണ് പരീക്ഷ നടത്തുന്നത്. *ഒന്നാം സെമസ്റ്റർ - എൻവയോൺമെന്റ് സ്റ്റഡീസ്, രണ്ടാം സെമസ്റ്റർ - ഡിസാസ്റ്റർ മാനേജ് മെന്റ്, മൂന്നാം സെമസ്റ്റർ - ഹ്യൂമൻ റൈറ്റ്സ്, നാലാം സെമസ്റ്റർ - ജൻഡർ സ്റ്റഡീസ്* എന്നിവയുടെ MCQs വെബ്സൈറ്റിൽ (www.sde.uoc.ac.in> UG AUDIT COURSE-2024-NOTIFICATION) ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർഥികൾ പ്രസ്തുത MCQs അടിസ്ഥാനമാക്കി പരീക്ഷക്ക് തയ്യാറാകേണ്ടതാണ്.

ഓരോ മാർക്ക് വീതമുള്ള 30 ചോദ്യങ്ങൾ ഉൾപ്പെടുത്തിയാണ് പരീക്ഷ. പരീക്ഷയുടെ പരമാവധി സമയം ഒരു മണിക്കൂർ ആണ്. പരമാവധി മാർക്ക് 30ഉം പാസ് മാർക്ക് 12ഉം (40%) ആണ്. ***പരീക്ഷ 2024 ഡിസംബർ മാസത്തിൽ തന്നെ പ്രതീക്ഷിക്കാവുന്നതാണ്.*** പരീക്ഷയുടെ വിശദമായ ഷെഡ്യൂളും പരീക്ഷാ ലിങ്കും കാലിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ (www.uoc.ac.in>Students Zone>Private Registration>UG AUDIT COURSE) പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. ഓരോ വിദ്യാർത്ഥിയും അവരവർക്ക് അനുവദിച്ചിട്ടുള്ള ടൈമിൽ ഓൺലൈൻ ലിങ്കിൽ കയറി പരീക്ഷ എഴുതേണ്ടതാണ്.

**വിദ്യാർത്ഥികളുടെ പ്രത്യേക ശ്രദ്ധക്ക് ഒന്ന്, രണ്ട്, മൂന്ന്, നാല് സെമെസ്റ്ററുകളിലെ യു ജി ഓഡിറ്റ് കോഴ്സ് പരീക്ഷ പാസായാൽ മാത്രമേ ഡിഗ്രി പാസ്സായ കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡും സർട്ടിഫിക്കറ്റും ലഭിക്കുകയുള്ളു. ആയതിനാൽ വിദ്യാർഥികൾ SDE വെബ്സൈറ്റിൽ - UG AUDIT COURSE-2024-NOTIFICATIONS ലെ (How to attempt Audit Course Online Examination-Demo Video) കണ്ട് പരീക്ഷ എഴുതുന്നതിനുള്ള പരിശീലനം നേടി ഓഡിറ്റ് കോഴ്സ് പരീക്ഷ വിജയകരമായി പൂർത്തിയാക്കേണ്ടതാണ്. ഈ പരീക്ഷ എഴുതാതിരിക്കുകയോ പാസ്സാവാതിരിക്കുകയോ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് അടുത്ത വർഷത്തെ ബാച്ചിനോടൊപ്പം സപ്ലിമെന്ററിയായി മാത്രമേ പരീക്ഷ എഴുതാൻ സാധിക്കുകയുള്ളൂ.**

Phone: 0494-2400288, 2407356.

Jabir T

Deputy Registrar